# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2256

18.03.2015-ൽ മറുപടിക്ക്

## ഗൃഹശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ടി.എ. റഹീം | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾക്കുള്ള ധനസഹായമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാരിന്റെ കാലയളവിൽ ഗൃഹശ്രീ പദ്ധതി (ഒന്നാംഘട്ടം) പ്രകാരം നാളിതുവരെ 525 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 525 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞ 525 ഗുണഭോക്താക്കളിൽ വീടുകളുടെ നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ 12.03.2015- ലെ കണക്ക പ്രകാരം 519 പേർക്ക് ഒന്നാം ഗഡുവും, 489 പേർക്ക് രണ്ടാം ഗഡുവും, 445 പേർക്ക് മൂന്നാം ഗഡുവും, 347 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്.<br><br>2014-15 വർഷത്തിൽ ഗൃഹശ്രീ പദ്ധതി (രണ്ടാം ഘട്ടം) പ്രകാരം അനുവദനീയമായ 709 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന്റെ ഭാഗമായി 644 വീടുകൾക്കുള്ള സ്പോൺസർഷിപ്പ് തുക ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 644 ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ചു വരുന്നു. ഇവരിൽ യോഗ്യതാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുള്ള 29 പേർക്ക് ഒന്നാം ഗഡുവും, 2 പേർക്ക് രണ്ടാം ഗഡുവും അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ സ്പോൺസർമാർ എത്ര രൂപ വീതമാണ് നൽകേണ്ടതെന്നറിയിക്കമോ; | (ബി) ഗൃഹശ്രീ പദ്ധതിയിൽ ഒരു വീടിന് ഒരു ലക്ഷം രൂപയാണ് സ്പോൺസർഷിപ്പ് വിഹിതമായി സന്നദ്ധ സംഘടനകൾ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ ഒടുക്കേണ്ടത്. |
| (സി) പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) വിശദാംശം അനുബന്ധം I- ആയി ചേർത്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇതുവരെ എന്തെല്ലാം സംഘടനകളും വ്യക്തികളുമാണ് ഈ പദ്ധതിയിലേയ്ക്കുള്ള ഗുണഭോക്താക്കളെ നിർദ്ദേശിച്ചിട്ടുള്ളതെന്നും ഓരോരുത്തരും എത്ര പേരെ വീതമാണ് നിർദ്ദേശിച്ചതെന്നും വിശദമാക്കാമോ? | (ഡി) വിശദാംശം അനുബന്ധം II- ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്